**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ എൻറർപ്രണർഷിപ്പ് ക്ലബ്ബ് നടത്തിപ്പ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കയ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും എൻറർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ് നടത്തുന്നതിനെക്കുറിച്ച് പദ്ധതി നിലവിലുണ്ടോ;</td><td>(എ)</td><td>കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലും കോളേജുകളിലും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് നടത്തുന്നതിന് പദ്ധതി നിലവിലുണ്ട്.<br><br>വിദ്യാർത്ഥികളിൽ സംരംഭകത്വ ബോധം വളർത്തുന്നതിനും, നൈപുണ്യ വികസനത്തിനുമായി വ്യവസായ വകുപ്പ് മുഖേന എല്ലാ വിദ്യാലയങ്ങളിലും കുറഞ്ഞത് 25 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ഏതെല്ലാം വിദ്യാലയങ്ങളിലാണ് എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ നിലവിലുള്ളത്; ഇത്തരം ക്ലബ്ബുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്;</td><td>(ബി)</td><td>എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ നിലവിലുള്ള വിദ്യാലയങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>വിദ്യാലയത്തിന്റെ പേര്</th><th>സ്ഥലം</th></tr>
<tr><td>1</td><td>ആർ.എം.വി എച്ച്.എസ്.എസ്</td><td>പെരിഞ്ഞാനം</td></tr>
<tr><td>2</td><td>ജി.എഫ്.വി എച്ച്.എസ്.എസ്</td><td>കയ്പമംഗലം</td></tr>
<tr><td>3</td><td>എം.ഇ.എസ് അസ്മാബി കോളേജ്</td><td>പടിഞ്ഞാരെവെമ്പല്ലൂ</td></tr>
<tr><td>4</td><td>ഗവൺമെന്റ് കെ.വി.എച്ച്.എസ്.എസ്.</td><td>എരിയാട്</td></tr>
<tr><td>5</td><td>എം.ഇ.എസ്.എച്ച്.എസ്.എസ് എൻ പുരം</td><td>പടിഞ്ഞാറെവെമ്പല്ലൂ</td></tr>
<tr><td>6</td><td>ഗവൺമെന്റ് ഐ.റ്റി.ഐ</td><td>എരിയാട്</td></tr>
<tr><td>7</td><td>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഐ.എച്ച്.ആർ.ഡി</td><td>കൊടുങ്ങല്ലൂർ</td></tr>
<tr><td>8</td><td>സെന്റ് ജോസഫ് എച്ച.എസ്.എസ്</td><td>മതിലകം</td></tr>
</table>
<br>എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകൾ തുടങ്ങുന്നതിന് വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ്സൈറ്റ് മുഖേന (edclubindustry.kerala.gov.in) രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.</td></tr>
<tr><td>(സി)</td><td>ഇത്തരം ക്ലബ്ബുകളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിദ്യാർഥികൾക്ക് നടപ്പിലാക്കാൻ സാധിക്കുന്നത്?</td><td>(സി)</td><td>ഇത്തരം ക്ലബ്ബുകളിലൂടെ സംരംഭകത്വ ബോധം വളർത്തുന്നതിനും നൈപുണ്യ വികസനത്തിനുമായി വിവിധ സംരംഭങ്ങൾക്കായുള്ള പരിശീലനങ്ങളും സെമിനാറുകളും ബോധവത്ക്കരണ ക്ലാസുകളും വ്യവസായ സംരംഭങ്ങളിൽ സന്ദർശനവും നടത്താവുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ